**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1048** **27-07-2021 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ കാർഷിക പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കൃഷി വകുപ്പ് കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശവും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ; | (എ) | കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കൃഷി വകുപ്പ് കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശവും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | 2021 - 22 സാമ്പത്തിക വർഷം കൃഷി വകുപ്പ് കുന്നത്തുനാട്ടിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | പവർ താരിഫ്, പച്ചക്കറി വികസന പദ്ധതി, സ്റ്റേറ്റ് ഡിസാസ്റ്റർ ഫണ്ട്, ആർ.കെ.വി.വൈ പദ്ധതി, സോയിൽ & റൂട്ട് ഹെൽത്ത് മാനേജ്മെന്റ്, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ, ഓണ സമൃദ്ധി, പഴം-പച്ചക്കറി ചന്തകൾ, വിള ആരോഗ്യ പരിപാലനം, ഒരു കോടി ഫലവൃക്ഷത്തൈ വിതരണം, കേര വികസന പദ്ധതി, സുഗന്ധവ്യഞ്ജന വികസനം, ആത്മ പദ്ധതി, സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന നടപ്പാക്കുന്ന പൈനാപ്പിൾ, യന്ത്രവൽക്കരണ പദ്ധതികൾ, പ്രകൃതിക്ഷോഭ നഷ്ടപരിഹാരം പദ്ധതി, ഫലവർഗ്ഗങ്ങളുടെ വികസന പദ്ധതി, അഗ്രോ സർവ്വീസ് സെന്റർ, കൃഷി പാഠശാല, സൈബർ എക്സ്റ്റൻഷൻ, കോക്കനട്ട് കൗൺസിൽ, പരമ്പരാഗത നെൽകൃഷി സംരക്ഷണം, ബ്ലോക്കുതല കാർഷിക വിജ്ഞാന കേന്ദ്രം, ബയോഗ്യാസ് പദ്ധതി, ജനകീയാസൂത്രണ പദ്ധതികൾ, സുഭിക്ഷം-സുരക്ഷിതം, ആഴ്ച ചന്ത, സംരക്ഷിത കൃഷി, പഴം-പച്ചക്കറിയ്ക്കുള്ള താങ്ങുവില പദ്ധതി. |
| (സി) | പ്രകൃതിക്ഷോഭത്തിലുണ്ടാകുന്ന കൃഷിനാശത്തിനുള്ള ധനസഹായത്തിനായി കുന്നത്തുനാട് മണ്ഡലത്തിൽ നിന്ന് 2020 - 21 മുതൽ നാളിതുവരെയുള്ള അപേക്ഷകരുടെയും അവർക്ക് അനുവദിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | ലഭിച്ച 649 അപേക്ഷകർക്കായി 10,69,134/- (പത്ത് ലക്ഷത്തി അറുപത്തിയൊൻപതിനായിരത്തി ഒരുനൂറ്റി മുപ്പത്തി നാല് രൂപ മാത്രം) രൂപ ഇതിനോടകം വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | പദ്ധതിയുടെ പേര് | വിനിയോഗിച്ച തുക(രൂപയിൽ) |
|---|---|---|
| 1. | പ്രകൃതിക്ഷോഭം | 3398248 |
| 2. | വിള ഇൻഷ്വറൻസ് | 448295 |
| 3. | പച്ചക്കറി വികസന പദ്ധതി | 10999265 |
| 4. | മണ്ണ് ആരോഗ്യ പരിപാലനം | 1435077 |
| 5. | കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ | 271135 |
| 6. | വിളകളുടെ ആരോഗ്യ പരിപാലനം | 355387 |
| 7. | പവർ താരിഫ് | 2224533 |
| 8. | ഓണം മാർക്കറ്റ് | 650000 |
| 9. | അഗ്രോ സർവ്വീസ് സെന്റർ | 248428 |
| 10. | ക്വാളിറ്റി കൺട്രോൾ | 14100 |
| 11. | കൃഷി പാഠശാല | 192300 |
| 12. | സൈബർ എക്സ്റ്റൻഷൻ | 10000 |
| 13. | കോക്കനട്ട് കൌൺസിൽ | 9550 |
| 14. | നാടൻ വിത്തിനങ്ങളും ജൈവവൈവിധ്യ സംരക്ഷണവും | 9600 |
| 15. | ഒരു കോടി ഫലവൃക്ഷത്തൈകൾ | 698195 |
| 16. | ബ്ലോക്കുതല കൃഷി വിജ്ഞാന കേന്ദ്രം | 47000 |
| 17. | ബയോഗ്യാസ് | 95000 |
| 18. | ആത്മ | 3267391 |
| 19. | സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ | 3897151 |
| 20. | ജനകീയാസൂത്രണം | 17891132 |
| 21. | ആർ.കെ.വി.വൈ | 384174 |
| 22. | സുഗന്ധവ്യഞ്ജന വികസനം | 89488 |
| 23. | ഫലവർഗ്ഗങ്ങളുടെ വികസനം | 466401 |

2021-22 സാമ്പത്തിക വർഷത്തെ പദ്ധതികൾ പുരോഗമിക്കുന്നു.